(ബി) 1997 മാർച്ച് മാസത്തിൽ പൂർത്തിയാക്കേണ്ടിയിരുന്ന ഈ നിർമ്മാണ പ്രവർത്തനം നീണ്ടുപോകുന്നതിനുള്ള കാരണം എന്ത് എന്ന് വിശദീകരിക്കുമോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ;

(ഡി) ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിലുള്ള അടൂർ എഞ്ചിനീയറിംഗ് കോളേജിന്റെ ലാബറട്ടറി കെട്ടിടങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയ്ക്കായി എന്തു രൂപ ചെലവ് വരും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി ഏകദേശം 40% പൂർത്തിയായിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ മണ്ണുപണി ചെയ്യേണ്ടിവന്നതും, ആറ്റുമണലിന്റെ ദൗർലഭ്യവും കോൺട്രാക്റ്ററുടെ ഭാഗത്തിനും ഉണ്ടായ അനാസ്ഥയും പണി താമസിക്കുന്നതിന് കാരണമായിട്ടുണ്ട്.

(സി) 2000 ജൂൺ മാസത്തോടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അഡ്മിനിസ്ട്രേറ്റ് ബ്ലോക്കിന് രൂപ 3,26,32,309/- (മൂന്നുകോടി ഇരുപത്തിയാറു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി മൂന്നുറ്റി ഒൻപത് രൂപ)യും ലബോറട്ടറി, വർക്ക്ഷോപ്പിന് രൂപ 65,96979/ രൂപ (അറുപത്തിയഞ്ചുലക്ഷത്തി തൊണ്ണൂറ്റാറായിരത്തി തൊള്ളായിരത്തി എഴുപത്തി ഒൻപത്)യാണ് എസ്റ്റിമേറ്റ് തുകയായി വകയിരുത്തിയിട്ടുള്ളത്.

103 (545) പി.ജി. ഹോസ്റ്റൽ കെട്ടിട നിർമ്മാണം

ശ്രീ എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽകോളേജ് പി.ജി. ഹോസ്റ്റൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഈ കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട് പണി പുരോഗതിയിലാണ്.

(ബി) 10/2001-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

104 (546) മിനി സിവിൽ സ്റ്റേഷനുകളുടെ നിർമ്മാണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര മിനി സിവിൽ സ്റ്റേഷൻ പണിയുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്; എവിടെയൊക്കെ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വടക്കൻ പറവൂരിൽ 2 കോടി രൂപ ചെലവിൽ മിനി സിവിൽ സ്റ്റേഷൻ പണിയാൻ എ.എസ്.ഉം എസ്.എസ്.നും ലഭിച്ച പണികൾ ഏതു ഘട്ടംവരെയായെന്ന് വെളിപ്പെടുത്തുമോ;

(സി) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ എവിടെ വരെയായി; എന്നാണ് ഇതിനുള്ള അപേക്ഷ ചീഫ് ആർക്കിടെക്സിന് ലഭിച്ചത്; നാളിതുവരെ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മിനി സിവിൽ സ്റ്റേഷൻ ഡിസൈൻ 1999 ഡിസംബർ മാസത്തിൽ തന്നെ ലഭ്യമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി എല്ലാ താലൂക്ക് ആസ്ഥാനങ്ങളിലും മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുകയെന്നതാണ് സർക്കാർ തീരുമാനം.

(ബി) പ്രസ്തുത പണിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്. ഈ പണിയുടെ മണ്ണു പരിശോധന നടന്നുവരുന്നു.

(സി) വടക്കൻ പറവൂർ മിനിസിവിൽ സ്റ്റേഷന്റെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കുന്നതിന് കെട്ടിട വിഭാഗം എറണാകുളം ഡിവിഷൻ എക്സിക്യൂട്ടിവ് എൻജിനീയറുടെ 15.5.99-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 99 ആഗസ്റ്റിൽ സ്ഥല പരിശോധന നടത്തി തയ്യാറാക്കിയ സ്കെച്ച് സ്കീമിന് 20.10.99-ന് ജില്ലാ കളക്ടറുടെ അനുമതി ലഭിച്ചു എ.ആർ. പ്ലാൻ തയ്യാറാക്കുന്നതിന് 12.11.99-ൽ ചീഫ് ആർക്കിടെക്ച്ചിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) എ.ആർ.പ്ലാൻ ലഭിച്ചാലുടനെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് ഡ്രിക് ബോർഡ് ചീഫ് എൻജിനീയറോട് ആവശ്യപ്പെടുന്നതാണ്.

105 (548) ഫ്ളാറ്റ് സബ്-ലെറ്റ് ചെയ്ത നടപടി

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നന്തൻകോട് പണ്ഡിറ്റ് കോളനിയിലെ ഇ.എഫ്.116 ഒന്നാം നില ഫ്ളാറ്റിൽ 1996 മുതലുള്ള താമസക്കാരനും അലോട്ടിയും തമ്മിലുള്ള എഗ്രിമെന്റിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) നിയമ വിരുദ്ധമായി പ്രസ്തുത ഫ്ളാറ്റ് സബ്-ലെറ് ചെയ്തതിനെക്കുറിച്ച് അന്വേഷിക്കുമോ;

(സി) ഏതെങ്കിലും രേഖകൾ പ്രകാരം ഹൗസിംഗ് ബോർഡിനെ തെറ്റിദ്ധരിപ്പിക്കുന്ന എന്തെങ്കിലും വസ്തുതകൾ വാടകക്കാരനോ അലോട്ടിയോ നൽകിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly